**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1677** **08-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോളേജുകളിൽ നൂതന കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളിൽ നൂതന കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170 ഓളം കോഴ്സുകൾ GO (Ms) No. 389/ 2020/H.Edn dtd: 5/11/2020 പ്രകാരം ആരംഭിക്കുകയുണ്ടായി . |
| (ബി) | മെറിറ്റും, സാമൂഹ്യനീതിയും, ഗുണനിലവാരവും ഒരുപോലെ ഉറപ്പുവരുത്തുന്ന തരത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതിയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | സാമൂഹ്യനീതി ഉറപ്പാക്കുന്നതിലേക്കായി എല്ലാ സംവരണ തത്ത്വങ്ങളും (ഇ.ഡബ്ല്യു എസ്,ട്രാൻസ്ജൻഡർ സംവരണ ഉൾപ്പെടെ) പാലിച്ചാണ് അഡ്മിഷൻ നടത്തുന്നത്. യു.ജി.സി/ എൻ.സി.ടി.ഇ/ ബി.സി.ഐ മുതലായ റഗുലേറ്ററി ബോഡികൾ നിഷ്കർഷിച്ചിട്ടുള്ള സൗകര്യങ്ങൾ അവയുടെ ഗുണനിലവാരം എന്നിവ കോളേജ് ഇൻസ്പെക്ഷൻ നടത്തുന്ന വേളയിൽ സർവ്വകലാശാല ഉറപ്പ് വരുത്തുന്നുണ്ട്.<br><br>ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര പുരോഗതിയ്ക്കായി ചുവടെ പരാമർശിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കരിക്കുലം പരിഷ്കാരം.<br><br>കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്കിന്റെ (കാൽനെറ്റ്) വികസനത്തിന് ഇ-ജേർണൽകൺസോർഷ്യം<br><br>ഡിജികോൾ<br><br>ഓൺലൈൻ ഡിജിറ്റൽ ശേഖരം<br><br>കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്ക് (KIRF)<br><br>അദ്ധ്യാപക പരിശീലന പദ്ധതി |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC)<br><br>ബ്രെയിൻ ഗെയിൻ - (ലോകമെമ്പാടുമുള്ള കേരളീയ അക്കാദമിക് ഡയസ്പോറയെ കുറിച്ചുള്ള ഡേറ്റാബേസ്)<br><br>എറുഡൈറ്റ് സോളാർ ഇൻ റെസിഡൻസ് പ്രോഗ്രാം<br><br>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് . |
| (സി) | കലാലയങ്ങളിൽ നിലവിലുള്ള ഇന്റഗ്രേറ്റഡ് പി.ജി.കോഴ്സുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ; | (സി) | **കണ്ണൂർ സർവ്വകലാശാല** പഠനവകുപ്പിൽ ഒന്ന്, അഫിലിയേറ്റഡ് കോളേജിൽ ഒന്ന് എന്നിങ്ങനെ മൊത്തം രണ്ട് ഇൻറഗ്രേറ്റഡ് പി.ജി കോഴ്സുകൾ നിലവിലുണ്ട്.<br><br>**കാലിക്കറ്റ്** സർവ്വകലാശാലയിലെ 15 കോളേജുകളിലായി 9 വ്യത്യസ്ത ഇന്റഗ്രേറ്റഡ് പി.ജി. കോഴ്സുകൾ നിലവിലുണ്ട്.<br><br>**മഹാത്മാഗാന്ധി** സർവകലാശാലയുടെ കീഴിലുള്ള കലാലയങ്ങളിൽ 9 ഇന്റഗ്രേറ്റഡ് പിജി കോഴ്സുകൾ നിലവിലുണ്ട്.<br><br>**കേരള** സർവകലാശാലയക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നിലവിൽ ഒരു ഇന്റഗ്രേറ്റഡ് കോഴ്സ് നിലവിലുണ്ട്.<br><br>**കൊച്ചി ശാസ്ത്ര സാങ്കേതിക** സർവ്വകലാശാലയിൽ 7 ഇന്റഗ്രേറ്റഡ് പിജി കോഴ്സുകൾ നിലവിലുണ്ട്. |
| (ഡി) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ